"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അടിമാലി ഭവന സമുച്ചയത്തിന്റെ അറ്റകുറ്റപണികൾക്കായി തുക അനുവദിക്കുന്നത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.495/2026/LSGD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-

1. 30.01.2026 ലെ സ.ഉ.(സാധാ) നം. 243/2026/തസ്വഭവ
2. ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.02.2026 തീയതിയിലെ എൽ എം/34/2026-എൽ എം (ഇ2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഭവനം ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങിയ അടിമാലി ഭവന സമുച്ചയത്തിന്റെ അറ്റകുറ്റപണി നടത്തിയ വകയിൽ അടിമാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ 21,27,065 രൂപയുടെ പാർട്ട് ബില്ല് നടപ്പ് സാമ്പത്തിക വർഷം 4515-00-102-49 (പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ TSB അക്കൗണ്ടിലേക്ക് (No. 799013000000461) അനുവദിക്കുന്നതിന് പരാമർശ സർക്കാർ ഉത്തരവ് പ്രകാരം ലൈഫ് മിഷന് പ്രത്യേക അനുമതി നൽകിയിരുന്നു.

2) എന്നാൽ അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് BIMS/WAMS വഴി ഫണ്ട് ട്രാൻസ്ഫർ സാദ്ധ്യമല്ലാതെ വന്നതിനാൽ ടി തുക അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് BAMS വഴി allocation transfer ചെയ്തു നൽകുന്നതിന് നടപടി കൈക്കൊള്ളണമെന്ന് DDO യുടെ വിശദാംശങ്ങൾ സഹിതം, ലൈഫ് മിഷൻ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവിലെ " തുക അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ TSB അക്കൗണ്ടിലേക്ക് (No. 799013000000461) അനുവദിക്കുന്നതിന്" എന്നത് "തുക അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ( DDO മേൽവിലാസം : സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്, DDO Code: 1010520018, ട്രഷറി : സബ് ട്രഷറി, അടിമാലി ) BAMS വഴി allocation transfer ചെയ്തു നൽകുന്നതിന് അനുമതി നൽകി" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽപറഞ്ഞ ഭേദഗതിയോടെ പരാമർശത്തിലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യൂ

തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപൂരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, ഐ&പി. ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 27-02-2026 10:22:44

സെക്ഷൻ ഓഫീസർ